**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1540** | **19-09-2025 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽ നിന്നും തസ്തികമാറ്റ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 1.09.2023 മുതൽ 1.09.25 വരെ എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ (സുവോളജി & ബോട്ടണി)ലേയ്ക്ക് നടന്ന തസ്തികമാറ്റ നിയമനങ്ങളുടെ എണ്ണം എത്രയാണെന്ന് തസ്തിക/ വിഷയം തിരിച്ച് ലഭ്യമാക്കാമോ; | (എ) | എച്ച്.എസ്.എസ്.ടി. ജൂനിയർ സുവോളജി = 28<br><br>എച്ച്എസ്എസ് ജൂനിയർ ബോട്ടണി = 5<br><br>എച്ച് എസ് എസ് ടി സുവോളജി = 0<br><br>എച്ച്എസ്എസ് ബോട്ടണി = 0 |
| (ബി) | 1.9.2025 വരെ തസ്തികമാറ്റം മുഖേന എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ (സുവോളജി & ബോട്ടണി) തസ്തികയിലേയ്ക്ക് ആകെ എത്ര ഒഴിവുകൾ ഉണ്ടെന്നും ആയതിൽ എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ (സുവോളജി & ബോട്ടണി) യിലേയ്ക്ക് എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | എച്ച് എസ് എസ് സി ജൂനിയർ സുവോളജി ജൂനിയർ ബോട്ടണി തസ്തികകളിൽ തസ്തികമാറ്റ നിയമനങ്ങൾക്കായി 01.09.2025 വരെ നിലവിലുള്ള ഒഴിവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br><br>എച്ച്.എസ്.എസ്.ടി. ജൂനിയർ സുവോളജി = 34<br><br>എച്ച്.എസ്.എസ്.ടി. ജൂനിയർ ബോട്ടണി = 35<br><br>സർക്കാർ ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസ് പ്രകാരം ആകെ ഒഴിവുകളിൽ 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ., യു.പി.എസ്.എ./ എൽ.പി.എസ്.എ. മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റൻറ് എന്നീ വിഭാഗങ്ങൾക്കായി ഒഴിവുകൾ നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റൊട്ടേഷൻ പ്രകാരം ഓരോ വിഭാഗത്തിന്റെയും ഒഴിവ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കേരള ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച് എസ് എസ് ടി തസ്തികയിലെ ഒഴിവുകളെല്ലാം യോഗ്യരായ ജൂനിയർ അധ്യാപകരുടെ തസ്തികമാറ്റ നിയമത്തിനായി ഉള്ളതാണ്. യോഗ്യരായ ജൂനിയർ അധ്യാപകരുടെ അഭാവത്തിൽ മാത്രമാണ് പ്രസ്തുത കാലയളവിൽ ഉണ്ടാകുന്ന ഒഴിവുകൾ 1:3 അനുപാതത്തിൽ എച്ച്.എസ്.എ, യു.പി.എസ്.എ / എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് തസ്തികമാറ്റ നിയമനങ്ങൾക്കും നേരിട്ടുള്ള നിയമനങ്ങൾക്കും മാറ്റുന്നത്. |

| | | | |
|---|---|---|---|
| (സി) | എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലേയ്ക്ക് 29/12/2020 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടർ സീനിയോറിറ്റി അടിസ്ഥാനമാക്കി നികത്തുന്നതിന് 10.03.2025-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | 10.03.2025 തീയതിയിലെ സഉ(അച്ചടി) നം.10/2025/GEDN ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമന നടപടികൾ സ്വീകരിച്ചു വരുന്നു. ടി നിയമനത്തിലേക്ക് യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് Provisional Seniority List 02.08.2025 തീയതിയിലും Modified Provisional Seniority List, 10.09.2025 തീയതിയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകരുടെ Certificate Verification, 16.09.2025 തീയതി മുതൽ നടത്തി വരുന്നു. തസ്തികമാറ്റനിയമനത്തിനുള്ള സത്വരനടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | 2025-26 അധ്യയന വർഷത്തിന്റെ ആദ്യപാദം പിന്നിട്ട സാഹചര്യത്തിൽ, പ്രസ്തുത തസ്തികമാറ്റ നടപടികൾ പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (ഡി) | 10.03.2025 തീയതിയിലെ സഉ(അച്ചടി) നം.10/2025/GEDN ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമന നടപടികൾ സ്വീകരിച്ചു വരുന്നു. ടി നിയമനത്തിലേക്ക് യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് Provisional Seniority List 02.08.2025 തീയതിയിലും Modified Provisional Seniority List, 10.09.2025 തീയതിയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകരുടെ Certificate Verification, 16.09.2025 തീയതി മുതൽ നടത്തി വരുന്നു. തസ്തികമാറ്റനിയമനത്തിനുള്ള സത്വരനടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഇ) | ചട്ടപ്രകാരം ഒഴിവുകൾ ഉണ്ടായിട്ടും ഓരോ അധ്യയനവർഷവും പ്രസ്തുത തസ്തികമാറ്റം കൃത്യമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | 01/07/2023 തീയതിയിലെ GO (P) 8/2023/G.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എച്ച്എസ്എസ് ജൂനിയർ തസ്തിയിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങൾ കേരള പി.എസ്.സി. മുഖേന നികത്തുവാൻ ഉത്തരവായെങ്കിലും ടി നിയമനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സം ഉള്ളതായി കേരള പി.എസ്.സി. അറിയിച്ചതിനാൽ 29.12.2020 മുതലുള്ള തസ്തിക മാറ്റ ഒഴിവുകൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന നികത്തുവാൻ 10.03.2025 തീയതിയിൽ സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് കാരണം എച്ച്.എം. പ്രൊമോഷൻ, വിരമിക്കൽ എന്നിവ മുഖേന സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ. തസ്തികകളിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ | (എഫ്) | എച്ച്.എസ്.എ. തസ്തികയിൽ വിരമിക്കൽ മൂലം ഉണ്ടാകുന്ന ഒഴിവുകളിലെ നിയമാനുസൃത വിഹിതം പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. പ്രമോഷൻ മൂലം ഉണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കാൻ |

| | | | |
|---|---|---|---|
| | അടിയന്തരമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | സാധിക്കാത്തതിനാൽ ഒഴിവ് ലഭ്യമാകുന്ന മുറയ്ക്കാണ് നിയമാനുസൃതവിഹിതം പിഎസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ